(സി) സ്ഥായിയായ പരിസ്ഥിത സംരക്ഷണത്തിനും ജൈവ വൈവിദ്ധ്യ പരിപാലനത്തിനും വേണ്ടിയുള്ള വന സംരക്ഷണം, തടിയുടെയും മറ്റു വന വിഭവങ്ങളുടെയും സ്ഥായിയായ ഉൽപ്പാദനക്ഷമതാ വർദ്ധന, വനത്തിനുള്ളിലും വനാതിർത്തി ഭാഗങ്ങളിലും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെട്ട പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉന്നമനം എന്നിവയാണ് കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ. ടി പ്രോജക്ട് 4 വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പെരിയാർ ടൈഗർ റിസർവ്വിലെ ജൈവ വൈവിദ്ധ്യത്തിന്റെ സമഗ്ര സംരക്ഷണവും വികസനവും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക, ജൈവ വൈവിദ്ധ്യ ശോഷണത്തിനിടയാക്കുന്ന പൊതുജന നടപടികൾ കുറയ്ക്കുക, ടി ടൈഗർ റിസർവ്വുമൂലം പൊതുജനങ്ങളിലുണ്ടാകുന്ന വിപരീത സമ്മർദ്ദം കുറയ്ക്കുക എന്നിവയാണ് ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ. ഇത് അഞ്ചു വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഓരോ ഡിവിഷനിലും വർക്കിംഗ് പ്ലാനുകളും മാനേജുമെന്റ് പ്ലാനുകളും തയ്യാറാക്കുമ്പോഴും കൂടാതെ പ്രത്യേകമായി പഠനങ്ങൾ ഗവേഷണങ്ങൾ എന്നിവ നടത്തുമ്പോഴും വനങ്ങളുടെയും തോട്ടങ്ങളുടെയും വിഭവശേഷി കാലാകാലങ്ങളിൽ തിട്ടപ്പെടുത്തുന്നുണ്ട്.

സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനപ്രദേശങ്ങൾ തിരിച്ചെടുക്കാൻ നടപടി

16 (*277) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനപ്രദേശങ്ങൾ തിരിച്ചെടുക്കാൻ പുതിയ നിയമ നിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) വനഭൂമി തിരിച്ചെടുക്കുന്ന നടപടി എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ&ബി) സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനഭൂമിയിൽപ്പെട്ട പാരിസ്ഥിതിക സൂക്ഷ്മ സചേതന പ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുവേണ്ടി കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ഓർഡിനൻസ് 3/2001 എന്ന ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓർഡിനൻസ് ബില്ല് ആക്കുവാനുള്ള തയ്യാറെടുപ്പുകൾ നടത്തി വരികയാണ്.

(സി) എ&ബി യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly